## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2001** **13/06/2019 ൽ മറുപടിയ്ക്ക്**

### ഓപ്പറേഷൻ ജനരക്ഷ വിജിലൻസ് റെയ്ഡ്

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ 42 ഓഫീസുകളിൽ ഓപ്പറേഷൻ ജനരക്ഷ എന്ന പേരിൽ വിജിലൻസ് റെയ്ഡ് നടത്തിയിരുന്നോ; | (എ) & (ബി) | ഓപ്പറേഷൻ ജനരക്ഷ എന്ന പേരിൽ സംസ്ഥാന വ്യാപകമായി ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഓഫീസുകളിൽ 15.05.2019-ൽ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.<br><br>പ്രസ്തുത മിന്നൽ പരിശോധനയിൽ പ്രാഥമികമായി കണ്ടെത്തിയ പ്രധാന പോരായ്മകൾ താഴെപ്പറയുന്നവയാണ്.<br><br>1. ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല.<br>2. ലൈസൻസുകൾക്കായുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കാതെയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാതെയുമിരിക്കുന്നു.<br>3. ഭക്ഷ്യസുരക്ഷാവകുപ്പ് ഉദ്യോഗസ്ഥർ പിടിച്ചെടുക്കുന്ന സാമ്പിളുകൾ യഥാസമയം പരിശോധനയ്ക്ക് അയയ്ക്കാതെയും ലാബിൽ പരിശോധനയ്ക്ക് അയയ്ക്കുന്ന സാമ്പിളുകളുടെ പരിശോധന റിപ്പോർട്ട് യഥാസമയം ലഭ്യമാക്കി നടപടി സ്വീകരിക്കാതെയുമിരിക്കുന്നു.<br>4. ഭക്ഷ്യ സുരക്ഷാ നിയമം നിഷ്കർഷിക്കുന്ന യഥാർത്ഥ പിഴ തുകയേക്കാൾ വളരെ കുറച്ച് തുക മാത്രം ഈടാക്കുന്നുള്ളൂ.<br>5. ഓഫീസുകളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല.<br>6.ഓഫീസ് സമയത്ത് ഉദ്യോഗസ്ഥർ ഓഫീസിൽ കൃത്യമായി ഹാജരാകുന്നില്ല. |
| (ബി) | പ്രസ്തുത റെയ്ഡിൽ കണ്ടെത്തിയ പ്രധാന പോരായ്മകൾ എന്തൊക്കെയാണ്; | | |

| | | | |
|---|---|---|---|
| | | | 7. തങ്ങളുടെ അധികാര പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നടത്തേണ്ട പരിശോധനകൾ നടത്തുന്നില്ല.<br>8. ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്താതെ കണക്കിൽപ്പെടാത്ത തുക ഡ്യൂട്ടി സമയത്ത് ഉദ്യോഗസ്ഥർ കൈവശം സൂക്ഷിക്കുന്നതായും കണ്ടെത്തി.<br>9. കൃത്യനിർവ്വഹണത്തിനായി ഡിപ്പാർട്ട്മെന്റ് വാഹനം ഉപയോഗിക്കാതെ ഉദ്യോഗസ്ഥർ സ്വകാര്യ വാഹനം ഉപയോഗിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. |
| (സി) | കല്പറ്റയിൽ നിർമ്മിക്കുന്ന സുരഭി എന്ന ബ്രാന്റ് പേരിലുള്ള കുപ്പിവെള്ളം സുരക്ഷിതമല്ലായെന്ന ലാബ് റിപ്പോർട്ട് ലഭിച്ചിട്ടും പ്രസ്തുത കമ്പനിക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | വയനാട് ജില്ലയിൽ സുരഭി എന്ന ബ്രാൻഡ് പേരിൽ കുപ്പിവെള്ളം നിർമ്മിക്കുന്നില്ല. |
| (ഡി) | ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന ഇത്തരം കേസുകളിൽ കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ഡി) | കൃത്യവിലോപം ബോദ്ധ്യപ്പെട്ടാൽ ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസരണമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Rahul

**സെക്ഷൻ ഓഫീസർ**